(സി) ഹയർ എഡ്യൂക്കേഷൻ കൗൺസിൽ പുതുതായി കൊണ്ടുവന്ന സി.ബി.സി.എസ്.എസ്.-ന്റെ ഭാഗമായിട്ടെങ്കിലും ഇവരുടെ സേവനം പ്രയോജന പ്പെടുത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ച് നല്കുന്നതാണ്.

(ബി) ഇല്ല. വിശദാംശങ്ങൾ പരിശോധിച്ചതിന് ശേഷം മാത്രമേ ഇതു സംബന്ധിച്ച് തീരുമാനം കൈക്കൊള്ളുവാൻ നിർവ്വാഹമുള്ളു.

(സി) നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് പരിശോധിക്കാവുന്നതാണ്.

തുരുത്തിക്കാട് ബി.എ.എം. കോളേജിലെ സ്ഥിര ഒഴിവുകൾ

86 (3840) ശ്രീ. ജോസഫ് എം. പുതുശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട തുരുത്തിക്കാട് ബി.എ.എം. കോളേജിൽ നിബന്ധനപ്രകാരമുള്ള 7 സ്ഥിര ഒഴിവുകൾ നികത്തണമെന്ന മാനേജരുടെ അപേക്ഷ എത്ര പ്രാവശ്യം ലഭിച്ചിട്ടുണ്ട് ; ഇക്കാര്യത്തിൽ എന്ത് തീർപ്പാണ് എടുത്തത് ;

(ബി) എം. ജി. യൂണിവേഴ്സിറ്റി യു. ഒ. നമ്പർ 2836/ബി1/2/2010 നമ്പരായി ടീച്ചിംഗ് സ്റ്റാഫ് പാറ്റേൺ ഫിക്സ് ചെയ്ത് നൽകിയിട്ടുണ്ടോ ;

(സി) 24-11-2008-ലെ 22017/ഡി1/08/ഹയർ. എഡ്യു. നമ്പരായി പ്രിൻസിപ്പൽ സെക്രട്ടറി മറുപടി നൽകിയിട്ടും ഇതുവരെ ഇതിന് അംഗീകാരം നൽകാത്തത് എന്തുകൊണ്ട് ;

(ഡി) പ്രസ്തുത കോളേജിൽ വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് അദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു ?

ഉത്തരം

(എ-ഡി) തുരുത്തിക്കാട് ബി.എ.എം. കോളേജിലെ ഒഴിവുകൾ നികത്തുന്നത് സംബന്ധിച്ച് മാനേജരുടെ അപേക്ഷയും കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശയും ലഭിച്ചതനുസരിച്ച് ഹിന്ദി, സുവോളജി എന്നീ വിഷയങ്ങളിൽ ഓരോന്നും കോമേഴ്സിൽ മൂന്നും അദ്ധ്യാപക ഒഴിവുകൾ നികത്തുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

പനമ്പിള്ളി കോളേജ് ലൈബ്രറി ബ്ലോക്ക് നിർമ്മാണം

87 (3841) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി പനമ്പിള്ളി ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുവാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള നടപടി ക്രമങ്ങളുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) സ്വീകരിച്ചിട്ടുണ്ട്.

(ബി) ചാലക്കുടി പനമ്പിള്ളി ഗവൺമെന്റ് കോളേജിൽ ലൈബ്രറി ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള പ്രെപ്പോസൽ ചാലക്കുടി പൊതുമരാമത്ത് വകുപ്പ് കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച റഫ്കോസ്റ്റ് എസ്റ്റിമേറ്റ് സഹിതം ഭരണാനുമതിക്കായി സർക്കാരിലേക്ക് സമർപ്പിക്കുകയുണ്ടായി. എന്നാൽ 6-5-2009-ലെ 37/09/ഫിൻ സർക്കുലറിന്റെ അടിസ്ഥാനത്തിൽ വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുവാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിച്ചാലുടൻ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിക്കുന്നതാണ്.

നോൺ ടീച്ചിംഗ് സ്റ്റാഫുകളെ നിയമിക്കാൻ നടപടി

88 (3842) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫുകളെ നിയമിക്കാത്ത സാഹചര്യത്തിൽ ഏകജാലകം ഉൾപ്പെടെയുള്ള എല്ലാ ക്ലറിക്കൽ ജോലികളും ചെയ്യേണ്ടിവരുന്ന പ്രിൻസിപ്പൽമാരുടെ പ്രവൃത്തിഭാരം കുറയ്ക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

(ബി) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിൽ നോൺ ടീച്ചിംഗ് സ്റ്റാഫുകളായ ക്ലാർക്ക്, ലൈബ്രേറിയൻ, പ്യൂൺ, മീനിയൽ തുടങ്ങിയ തസ്തികകൾ സൃഷ്ടിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത ജോലികൾ ചെയ്യേണ്ടി വരുന്ന പ്രിൻസിപ്പാളിന്റെയും അദ്ധ്യാപകരുടേയും സമയം പൂർണ്ണമായും പാഠ്യ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാതെ വരുന്നതുമൂലം ഹയർ സെക്കണ്ടറി സ്കൂളുകളുടെ പഠന നിലവാരം താഴുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly